വാഹനാപകടക്കേസ്സുകളിലെ പ്രതികൾക്കുള്ള ശിക്ഷാനടപടി

15 (*585) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനാപകട കേസ്സുകളിൽ പ്രതിയായി ചേർക്കപ്പെടുന്ന ആളുകൾ ബഹുഭൂരിപക്ഷവും ശിക്ഷിക്കപ്പെടാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) വാഹനാപകട കേസ്സുകളിലെ പ്രതികളിൽ വിധി പറഞ്ഞതിൽ എത്ര ശതമാനത്തിന് ശിക്ഷ ലഭിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) വാഹനാപകട കേസ്സുകളിൽ പ്രതികളായവരിൽ ഭൂരിഭാഗവും ശിക്ഷിക്കപ്പെടുന്നുണ്ട്.

(ബി) ഉണ്ട്. വാഹനാപകട കേസ്സുകളിൽ 85 ശതമാനത്തിനുമേൽ പ്രതികൾക്ക് ശിക്ഷ ലഭിക്കുന്നുണ്ട്.

സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള മാനദണ്ഡം

16 (*586) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവസാനമായി സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയത് എന്നാണ് ;

(ബി) ഇപ്രകാരം നിയമനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) സ്പോർട്സിൽ വ്യക്തിഗത ഇനങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly